# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1123 10.08.2017ൽ മറുപടിയ്ക്ക്

## അൺ-എയിഡഡ് സ്പെഷ്യൽ സ്കൂളുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഷാഫി പറമ്പിൽ | | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | എം.ആർ, സി.പി, ഓട്ടിസം എന്നീ പരിമിതികളുള്ള വിദ്യാർത്ഥികൾക്കുവേണ്ടി നടത്തുന്ന എത്ര അൺ - എയിഡഡ് സ്പെഷ്യൽ സ്കൂളുകൾ ഉണ്ട്; | (എ) | എം.ആർ, സി.പി, ഓട്ടിസം എന്നീ പരിമിതികളുള്ള കുട്ടികൾക്കായി പ്രവർത്തിക്കുന്ന 314 സ്കൂളുകൾക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടർ പേഴ്സൺസ് വിത്ത് ഡിസ്എബിലിറ്റീസ് ആക്ട്/റൂൾസ് പ്രകാരം രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. പ്രസ്തുത സ്കൂളുകൾക്ക് സർക്കാർ സാമ്പത്തിക സഹായം നൽകുന്നതിനാൽ അൺ എയിഡഡ് സ്കൂളുകളുടെ ഗണത്തിൽ ഉൾപ്പെടുത്താൻ കഴിയില്ല. |
| ബി) | ഇതിൽ എത്ര സ്കൂളുകളെ എയിഡഡ് ആക്കിയിട്ടുണ്ട്; | ബി) | രജിസ്ട്രേഷൻ ലഭിച്ച 314 സ്കൂളുകളിൽ 33 സ്കൂളുകൾക്ക് എയിഡഡ് പദവി നൽകി കൊണ്ട് 09.02.2016-ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ 01.01.2016 മുതൽ 30.04.2016 വരെയുള്ള കാലയളവിൽ മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച ഉത്തരവുകൾ മന്ത്രിസഭാ ഉപസമിതി പുനഃപരിശോധിക്കുകയുണ്ടായി. 09.02.2016 ലെ പ്രസ്തുത ഉത്തരവും ഉപസമിതി പരിശോധിച്ച് ആയതിന്മേലുള്ള തുടർനടപടികൾ സ്വീകരിച്ചു വരികയാണ്. |
| സി) | ഇതിനുവേണ്ടി എത്ര പോസ്റ്റുകൾക്ക് അനുമതി നൽകിയിട്ടുണ്ട് ; | സി) | തസ്തികകൾ അനുവദിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| ഡി) | 50 കുട്ടികളിൽ കൂടുതലുള്ള സ്കൂളുകളെ എയിഡഡ് ആക്കുവാൻ കഴിഞ്ഞ ഗവൺമെന്റ് എടുത്ത തീരുമാനം നടപ്പിലാക്കിയോ; ഇല്ലെങ്കിൽ അതിന്റെ കാരണം എന്താണ്; | ഡി) | 50 കുട്ടികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് എയിഡഡ് പദവി നൽകുന്നതിന് മുൻ സർക്കാർ എടുത്ത മന്ത്രിസഭായോഗ തീരുമാനം മന്ത്രിസഭാ ഉപസമിതി പരിശോധിച്ച് തുടർ നടപടി സ്വീകരിച്ച് വരികയാണ്. |
| ഇ) | പ്ലസ് - 2 വരെ എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യ വിദ്യാഭ്യാസം നൽകുന്ന കേരളത്തിൽ സ്പെഷ്യൽ സ്കൂളുകളിലെ പ്രത്യേക പരിഗണന വേണ്ട കുട്ടികൾക്കു സൗജന്യവിദ്യാഭ്യാസം നിഷേധിയ്ക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എം.ആർ, സി.പി, ഓട്ടിസം എന്നീ പരിമിതികളുള്ള കുട്ടികൾക്കായുള്ള സ്കൂളുകൾക്ക് സംസ്ഥാന സർക്കാർ സാമ്പത്തിക സഹായം നൽകി വരുന്നു. ആയതിനാൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി ലഭിച്ചില്ല എന്ന കാരണത്താൽ പ്രസ്തുത സ്കൂളുകളിലെ കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം നിഷേധിക്കപ്പെടുന്ന സാഹചര്യം നിലവിലില്ല. |
| എഫ് | എങ്കിൽ ഇവർക്കുവേണ്ടിയുള്ള എല്ലാ സ്കൂളുകളും എയിഡഡ് ആക്കുവാൻ നടപടി സ്വീകരിയ്ക്കുമോ? | എഫ് | ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ